# MALAYALA MANORAMA 01-11-2025

## ഡിജിറ്റൽ മറൈൻ ഫിഷറീസ് സെൻസസ്: ഭവനതല വിവരശേഖരണം തുടങ്ങി

കൊച്ചി● രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ മറൈൻ ഫിഷറീസ് സെൻസസിന്റെ ഭവനതല വിവരശേഖരണം കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു.

9 തീരദേശ സംസ്ഥാനങ്ങളിലെയും 4 കേന്ദ്രഭരണ പ്രദേശങ്ങളിലെയും 4,000-ത്തിലധികം മത്സ്യബന്ധന ഗ്രാമങ്ങളിലെ 12 ലക്ഷത്തിലേറെ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണു സെൻസസിൽ ഉൾപ്പെടുത്തുക. നവംബർ 3 മുതൽ ഡിസംബർ 18 വരെ ആയിരക്കണക്കിനു ഫീൽഡ് സ്റ്റാഫ് ഇതിനായി പ്രവർത്തിക്കും. ഡിജിറ്റൽ വിവരശേഖരണവും തത്സമയ വിദൂര നിരീക്ഷണവും എളുപ്പമാക്കുന്ന 'വ്യാസ് ഭാരത്' 'വ്യാസ് സൂത്ര' മൊബൈൽ ആപ്പുകൾ ചടങ്ങിൽ പുറത്തിറക്കി. മഹാരാഷ്ട്രയിലും കേരളത്തിലും നിന്നുള്ള വിവരശേഖരണം തത്സമയം വേദിയിൽ പ്രദർശിപ്പിച്ചു.

ഫിഷറീസ് മന്ത്രാലയം സാമ്പത്തിക ഉപദേഷ്ടാവ് ഡോ അജയ് ശ്രീവാസ്തവ അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, എഫ്എസ്ഐ ഡയറക്ടർ ജനറൽ കെ. ആർ. ശ്രീനാഥ്, മറൈൻ സെൻസസ് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. ജെ. ജയശങ്കർ, ഡോ സോമി കുര്യാക്കോസ്, ഡോ. സി. രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ദേശീയ ശിൽപശാലയും നടന്നു.



എറണാകുളം സിഎംഎഫ്ആർഐയിൽ ദേശീയ മറൈൻ ഫിഷറീസ് സെൻസസിന്റെ പ്രകാശന ചടങ്ങ് കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ ജോർജ് നൈനാൻ, ഡോ. ഗ്രിൻസൺ ജോർജ് തുടങ്ങിയവർ സമീപം.

## മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കു രൂപം നൽകും

കൊച്ചി● മത്സ്യമേഖലയുടെ വളർച്ച ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കു രൂപം നൽകുമെന്നും മത്സ്യബന്ധന യാനങ്ങൾ ഉൾപ്പെടെ ഈ സംഘങ്ങൾക്കു ലഭ്യമാക്കുമെന്നും കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. തനതു സമുദ്ര സാമ്പത്തിക മേഖലയിലും ആഴക്കടലിലും മത്സ്യബന്ധനത്തിന് ആധുനിക സൗകര്യങ്ങളുള്ള യാനങ്ങളാകും നൽകുക.